ഗുണാനുരക്തം വ്യസനായ ജന്തോ: ക്ഷേമായ നൈർഗുണ്യമഥോ മന: സ്യാത്
യഥാ പ്രദീപോ ഘൃതവർത്തിമശ്നൻ ശിഖാ: സധൂമാ ഭജതി ഹ്യന്യദാ സ്വം
പദം തഥാ ഗുണകർമ്മാനുബദ്ധം വൃത്തീർമ്മന: ശ്രയതേ/ന്യത്ര തത്ത്വം **(5-11-8)**

ബ്രഹ്മജ്ഞാനിയായ ഭരതൻ മറുപടിയായി പറഞ്ഞു: "അജ്ഞാനിയെങ്കിലും അറിവുള്ളവനേപ്പോലെയാണ് അങ്ങു സംസാരിക്കുന്നത്. വിവരമുള്ളവർ ലൗകീകതയും ആത്മീയതയും തമ്മിൽ ആശയക്കുഴപ്പം പ്രകടിപ്പിക്കയില്ല. ലൗകീകപ്രശ്നങ്ങളും സത്യം തേടിയുള്ള ആത്മീയാന്വേഷണവും രണ്ടും രണ്ടാണ്. ധർമ്മശാസ്ത്രാദികളിലെ പ്രവചനങ്ങളും അനുശാസനങ്ങളും അജ്ഞാനിയെ സംബന്ധിച്ചേടത്തോളം ഒരടഞ്ഞ പുസ്തകം മാത്രമാണ്. ലൗകീകജീവിതവും ധർമ്മനിഷ്ഠമായ ചടങ്ങുകൾ പോലും, വെറും സ്വപ്നം പോലെയും സ്വപ്നജീവിതം പോലെയും അപ്രധാനമാണെന്ന് അവർ മനസിലാക്കുന്നില്ല.

ത്രിഗുണങ്ങളാൽ നിബദ്ധമായ മനസ്സ് ഒരുവനെ നന്മതിന്മകളിലേയ്ക്കും അതിൻെറ പരിണിത ഫലങ്ങളിലേയ്ക്കും നയിക്കുന്നു. സൂക്ഷ്മശരീരത്തിൻെറ പതിനാറു കലകളിലൊന്നായ മനസ്സ്, ഗുണങ്ങളാൽ ചഞ്ചലമാക്കപ്പെട്ട് കാമം, ക്രോധം, ലോഭം, മോഹം എന്നിവയെ യഥേഷ്ടം കടന്നു പോവാൻ അനുവദിക്കുന്നു. യഥാർത്ഥത്തിൽ മനസ്സ് ഉയർന്നതും താഴ്ന്നതുമായ പലേ ജീവജാലങ്ങളായി പുനർജനിക്കുകയത്രേ ചെയ്യുന്നത്. ഇങ്ങിനെ, മനസ്സുപ്രവർത്തിക്കുന്നവർക്കു മാത്രമേ സ്വപ്നവും ജാഗ്രാവസ്ഥയും തൽഫലമായുണ്ടാവുന്ന സുഖദു:ഖങ്ങളും അനുഭവവേദ്യമാവുന്നുള്ളൂ. അതുകൊണ്ടാണ് ജ്ഞാനികൾ മനസ്സാണ് ബന്ധനത്തിനും മുക്തിക്കും കാരണമാ യിട്ടുള്ളത് എന്ന് പ്രഖ്യാപിച്ചിട്ടുള്ളത്. ഏതു മനസ്സാണോ വൈകാരികമായി ചാഞ്ചല്യമാർന്നത്, അതിന് ദു:ഖം നിശ്ചയം. എന്നാൽ ഈ അവസ്ഥയിൽനിന്നും ഉയർന്ന മനസ്സിൽ ശാന്തിയും നിർവൃതിയും ഉദയം ചെയ്യുന്നു. നിലവിളക്കിലെ തീനാളവും പുകയും അതിലെ എണ്ണയോട് ചേർന്നിരിക്കുമ്പോൾ മാത്രമേയുള്ളൂ. എണ്ണയിൽനിന്ന് വിട്ടകന്നാൽ തിനാളത്തിന് പൂർവ്വാവസ്ഥയിലേക്ക് (നിർവ്വാണപദം) മടങ്ങാമല്ലോ. ഇങ്ങിനെയൊക്കെയാണെങ്കിലും പ്രകൃതി സമ്പ്രദായങ്ങളാൽ അസ്വസ്ഥമാക്കപ്പെട്ട മനസ്സ് പലവിധ കർമ്മങ്ങളാൽ ബന്ധിതമാണ്. ഇതിൽനിന്നും മോചിതമായാൽ അത് സത്യത്തിൽ വിലീനമാവുന്നു.

മനസ്സിന് പതിനൊന്ന് അവസ്ഥാവിശേഷങ്ങളാണുള്ളത്. പഞ്ചേന്ദ്രിയങ്ങളിലൂടെ മനസ്സ് ബാഹ്യവസ്തുക്കളെ അനുഭവിച്ചറിയുന്നു. അഞ്ച് കർമ്മേന്ദ്രിയങ്ങളിലൂടെ ലൗകീക കർമ്മങ്ങൾ അനുഷ്ടിക്കുന്നു. ഞാൻ, എൻേറത് എന്ന് സ്വശരീരത്തോട് തോന്നുന്ന മമതയാണ് പതിനൊന്നാമത്തെ അവസ്ഥതയായ അഹങ്കാരം. മനസ്സിൻെറ ഈ പതിനൊന്ന് അവസ്ഥകളാണ് കർമ്മങ്ങളായും മറ്റുപല ഭേദഗതികളായും മാറുന്നത്. പക്ഷെ, ഈ അവസ്ഥകൾക്ക് സ്വന്തമായ നിലനിൽപ്പില്ല. ഒന്നു മറ്റൊന്നിനെയുണ്ടാക്കിയെടുക്കുന്നുമില്ല. ഇതിൻെറയെല്ലാം പിന്നിൽ ഉൺമയായിട്ടുള്ളത് സാക്ഷീ ബോധം (ക്ഷേത്രജ്ഞൻ) മാത്രമാണ്. ഈ സാക്ഷിയാകട്ടെ, മനസ്സിൻെറ സമ്പ്രദായങ്ങളിലോ മാറ്റങ്ങളിലോ ഭാഗഭാക്കാവുന്നില്ല. ക്ഷേത്രജ്ഞൻ സനാതനവും, ആത്മദീപ്തവും, അജവും പരമമായതും. നാരയണനെന്നും വാസുദേവനെന്നും അറിയപ്പെട്ട് സ്വേഛയാൽ സർവ്വചരാചരങ്ങൾ ക്കുള്ളിലും വർത്തിച്ച് ആത്മനിയന്ത്രണാധിപനുമായി വിരാജിക്കുന്നവനും ആകുന്നു. എപ്പോഴാണോ ഒരുവൻ തൻെറ ഏറ്റവും വലിയ ശത്രുക്കളായ കാമക്രോധാദികളെ ജയിക്കുന്നത് അപ്പോഴാണ് മനസ്സ് അവസ്ഥാന്തരങ്ങളിൽ നിന്നും രക്ഷപ്രാപിക്കുന്നത്. എന്നിട്ട് ഭഗവൽപ്പാദങ്ങളിലും ഗുരുപാദങ്ങളിലും സ്വയം അർപ്പിക്കുമ്പോഴാണ് അവൻ മുക്തിപദത്തെ പ്രാപിക്കുന്നത്."